**പതിമൂന്നാം കേരള നിയമസഭ**

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5383 — 06.07.2012-ൽ മറുപടിയ്ക്ക്

## സർക്കാർ മെഡിക്കൽ കോളേജുകളിലും ആശുപത്രികളിലും കേടായികിടക്കുന്ന ഉപകരണങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എം. വി. ശ്രേയാംസ് കുമാർ<br>ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. പി. സി. ജോർജ്<br>ശ്രീ. ഡോ. എൻ. ജയരാജ് | **ശ്രീ. വി.എസ്. ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |

| | | | |
| --- | --- | --- | --- |
| എ) | സർക്കാർ മെഡിക്കൽ കോളേജുകളിലും ആശുപത്രികളിലും കേടായി കിടക്കുന്ന ഉപകരണങ്ങളുടെ വിവരങ്ങൾ ലഭ്യമാക്കുമോ; | എ) | ഉപകരണങ്ങളുടെ ലിസ്റ്റ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. |
| ബി) | ആരോഗ്യ- മെഡിക്കൽ വിദ്യാഭ്യാസ വകുപ്പുകളുടെ കീഴിൽ ഇപ്രകാരം കേടായ ഉപകരണങ്ങളുടെ വിവരങ്ങൾ ശേഖരിക്കുകയും അതിന് പ്രതിവിധി കണ്ടെത്തുകയും ചെയ്യുന്നതിനുള്ള ചുമതല ആർക്കാണ്; | ബി) | മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ കേടായ ഉപകരണങ്ങളുടെ വിവരങ്ങൾ ശേഖരിക്കുകയും അതിന് പ്രതിവിധി കണ്ടെത്തുകയും ചെയ്യുന്നത് ബയോമെഡിക്കൽ എഞ്ചിനിയറിംഗ് വിഭാഗവും ആരോഗ്യവകുപ്പിൽ ഇതിനുള്ള ചുമതല ജില്ലാ മെഡിക്കൽ ഓഫീസർക്കുമാണ്. |
| സി) | പ്രസ്തുത ആശുപത്രികളിൽ വാങ്ങുന്ന ഉപകരണങ്ങൾക്ക് വാറന്റി കാലാവധിശേഷമുള്ള മെയിന്റനൻസിന് എന്ത് ക്രമീകരണമാണ് ചെയ്തിട്ടുള്ളത്; | സി) | മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള ആശുപത്രികളിൽ വാങ്ങുന്ന ഉപകരണങ്ങൾക്ക് എഎംസി/ സിഎഎംസി സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ആരോഗ്യവകുപ്പിൽ ഇത് റഫ.മെക്കാനിക്കുകളോ ബയോമെഡിക്കൽ എഞ്ചിനിയറോ അല്ലെങ്കിൽ അംഗീകൃത ഡീലർമാരോ ആണ് ചെയ്യുന്നത്. |
| ഡി) | സർക്കാർ ആശുപത്രികളിലുള്ള ഉപകരണങ്ങളുടെ കാര്യക്ഷമത പരിശോധിക്കുന്നതിനും യഥാസമയം മെയിന്റനൻസ് ജോലികൾ നിർവ്വഹിക്കുന്നതിനുമുള്ള മേൽനോട്ട ജോലികൾ കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ? | ഡി) | ഉപകരണങ്ങളുടെ കാര്യക്ഷമത പരിശോധനയും മെയിന്റനൻസ് ജോലിയും കോൾഡ് ചെയിൻ ഓഫീസർ മുഖാന്തിരവും സീനിയർ കൺസൾട്ടന്റ് എഞ്ചിനീയർ മുഖാന്തിരവും കാര്യക്ഷമമായി നടന്നു വരുന്നു. |

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**

സെക്ഷൻ ഓഫീസർ